# അറിയിപ്പ്

എല്ലാ ഏ.ഇ.ഒ., ഡി.ഇ.ഒ. മാരുടെയും, സ്കൂൾ സൊസൈറ്റി സെക്രട്ടറിമാരുടെയും പ്രത്യേക ശ്രദ്ധക്ക് : -

1. ഈ വർഷം (2011-12) പാഠപുസ്തകങ്ങൾ ഒന്നാം വാല്യം കുട്ടികൾക്ക് വിതരണം ചെയ്തുകഴിഞ്ഞപ്പോൾ അധികമായി സ്കൂളുകളിലും സൊസൈറ്റികളിലും, ഏ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളിലും സൂക്ഷിച്ചിരിക്കുന്ന ഐറ്റം തിരിച്ചുള്ള പുസ്തകങ്ങൾ തിരികെ എടുക്കുന്നതിന് ഓരോ ടൈറ്റിലിലും ശേഷിക്കുന്ന പുസ്തകങ്ങൾ എത്ര എന്ന് കാണിക്കുന്ന ലിസ്റ്റ് ഈ മാസം 17-നകം ശേഖരിച്ച് ക്രോഡീകരിച്ച ലിസ്റ്റ് 20-ാം തിയതിക്കകം books.kbps@gmail.com എന്ന അഡ്രസ്സിലേക്ക് AEO, DEO -മാർ അയച്ചു തരേണ്ടതാണ്.

2. ഏതെങ്കിലും കാരണത്താൽ സമയപരിധിക്കകം വിവരം നൽകാതെ വരികയും, പുസ്തകം തിരികെ നൽകാതെ വരികയും ചെയ്താൽ മുൻപ് നൽകിയിരുന്ന പുസ്തകങ്ങളുടെ എണ്ണം കണക്കാക്കി വില നിശ്ചയിക്കുന്നതും ബന്ധപ്പെട്ടവർ പണം അടക്കുവാൻ നിർബന്ധിതരാവുകയും ചെയ്യുന്നതാണ്.

3. രണ്ടാം വാല്യം പുസ്തകങ്ങൾ ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. പുസ്തകം സൊസൈറ്റികളിൽ കിട്ടിക്കഴിഞ്ഞതിന്റെ തൊട്ടടുത്ത ദിവസം പുസ്തകങ്ങൾ കൂടുതലായി കിട്ടിയിട്ടുണ്ടെങ്കിലും കുറവായിട്ടാണ് കിട്ടിയിട്ടുള്ളത് എങ്കിലും ആ വിവരം മുകളിൽ പറയുന്ന മെയിൽ അഡ്രസ്സിൽ അറിയിക്കേണ്ടതാകുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ എന്തെങ്കിലും അലംഭാവം കാട്ടുന്നവരുടെ പേരു വിവരങ്ങൾ ഗവൺമെന്റിലേക്ക് തുടർ നടപടികൾക്കായി റിപ്പോർട്ട് ചെയ്യുന്നതായിരിക്കും.

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ
പാഠപുസ്തക വിതരണം

എറണാകുളം
12-09-2011

പകർപ്പ് (1) പൊതുവിദ്യാഭ്യാസ സെക്രട്ടറി, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (W.C.L.)
(2) പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഡയറക്ടർ ഓഫീസ്, തിരുവനന്തപുരം (W/C.L.)
(3) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
(4) പാഠപുസ്തക ഓഫീസർ, പത്മ വിലാസം, ഫോർട്ട്, തിരുവനന്തപുരം